File No.LSGD-EM2/103/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ്- കോവിഡ് പകർച്ച വ്യാധിയുടെ പശ്ചാത്തലത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഹോണറേറിയം കുറവ് ചെയ്യുന്നത് - സംബന്ധിച്ച്

തദ്ദേശ സ്വയം ഭരണ (ഇഎം) വകുപ്പ്

സ.ഉ.(കൈ) നം.73/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/05/2020

പരാമർശം:- 1 സർക്കാർ ഉത്തരവ് (അച്ചടി) നം. 46/2020/ധന. തീയതി 23.04.2020

<u>ഉത്തരവ്</u>

കോവിഡ് പകർച്ച വ്യാധിയുടെ പശ്ചാത്തലത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഹോണറേറിയം 30 ശതമാനം വീതം ഒരു വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് പരാമർശം പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത തീരുമാനം പുന:പരിശോധിച്ച് ഒരു മാസത്തെ ഹോണറേറിയം മാത്രം ഈടാക്കിയാൽ മതിയാകുമെന്ന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഈ വിഷയത്തിൽ താഴെ പറയുന്ന രീതിയിൽ മാറ്റം വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. നിലവിൽ ഒരു മാസത്തെ ഹോണറേറിയം ദുരിതാശ്വാസ നിധിയിലേക്ക് നൽകിയിട്ടുള്ള ജനപ്രതിനിധികളുടെ കാര്യത്തിൽ ഹോണറേറിയത്തിൽ നിന്നും ഇനിയും കുറവ് വരുത്തേണ്ടതില്ല. അല്ലാത്തവരുടെ കാര്യത്തിൽ ഏപ്രിൽ മുതൽ നാലു ഗഡുക്കളായി ഒരു മാസത്തെ ഹോണറേറിയം ഈടാക്കാവുന്നതാണ്. ഹോണറേറിയം മാറ്റി ലഭിക്കാത്ത ജനപ്രതിനിധികൾക്കും നിലവിൽ സംഭാവനയായി തുക നൽകിയവർക്കും ഇതു സംബന്ധിച്ച സാക്ഷ്യ പത്രം തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറി നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ , തിരുവനന്തപുരം.

എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർക്കും.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

File No.LSGD-EM2/103/2020-LSGD

(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ) വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ , സംസ്ഥാന ഓഡിറ്റ് വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ